**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 105** **07-10-2021 - ൽ മറുപടിയ്ക്ക്**

**ഹരിത ചരക്ക് ഇടനാഴി-2 പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ ഐ ബി സതീഷ്,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ | | Shri Ahammad Devarkovil<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | ഹരിത ചരക്ക് ഇടനാഴി-2 എന്ന പേരിൽ കൊച്ചി - ബേപ്പൂർ - അഴീക്കൽ തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള തീരക്കടൽ കപ്പൽ ഗതാഗതത്തിന് ആവശ്യമായ ചരക്കു ഗതാഗതം ആകർഷിക്കാൻ പര്യാപ്തമാകും വിധം പ്രോത്സാഹന നടപടികളും പ്രചരണ പരിപാടികളും ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഉണ്ട്. തീരദേശ കപ്പൽ ഗതാഗതം ആകർഷകമാക്കുന്നതിലേയ്ക്കായി ഇൻസെന്റീവ് സ്കീം നടപ്പാക്കി വരുന്നു. ഇതിന്റെ കാലാവധി 2022 ജനുവരി വരെ ദീർഘിപ്പിച്ചിട്ടുമുണ്ട്. അഴീക്കൽ തുറമുഖത്ത് കസ്റ്റംസ്, ഇ.ഡി.ഐ ടെർമിനലിന്റെ നിർമ്മാണം ആരംഭിക്കുകയും ഇമിഗ്രേഷൻ ചെക്ക് പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | തീരക്കടൽ ചരക്കു കപ്പൽ ഗതാഗതം കൂടുതൽ പ്രയോജനപ്രദമാക്കി കപ്പൽ മാർഗ്ഗമുള്ള ചരക്കുകടത്ത് വർദ്ധിപ്പിക്കാൻ നിലവിലുള്ള സർവ്വീസ് കൊല്ലം വരെ നീട്ടുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; | (ബി) | നിലവിലുള്ള സർവ്വീസ് കൊല്ലത്തേക്ക് നീട്ടിയിട്ടുണ്ട്. |
| (സി) | നിലവിൽ പ്രായോഗികവും സാങ്കേതികവുമായ ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടെന്ന കേരള എക്സ്പോർട്ടേഴ്സ് ഫോറത്തിന്റെ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ പരിശോധന നടത്തുന്നതിനും ചരക്കുകടത്തിന്റെ ഇരുപത് ശതമാനം തീരക്കടൽ കപ്പൽ മാർഗ്ഗമാക്കുകയെന്ന ലക്ഷ്യം സഫലീകരിക്കുന്നതിനുമുള്ള ക്രിയാത്മക നടപടികൾ സ്വീകരിക്കുമോ? | (സി) | കേരളാ എക്സ്പോർട്ടേഴ്സ് ഫോറത്തിന്റെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മേഖലയിലെ വിവിധ പ്രശ്നങ്ങൾ അപഗ്രഥിക്കുകയും ബന്ധപ്പെട്ടവരുമായി കൂടിയാലോചിച്ച് അവ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്. ഇതിന്റെ ഭാഗമായി തുറമുഖത്തെ അടിസ്ഥാന സൗകര്യ വികസനം, കപ്പൽ ചാലിന്റെ ആഴം വർദ്ധിപ്പിക്കൽ, ISPS സുരക്ഷാ സംവിധാനം തുടങ്ങിയ സൗകര്യങ്ങൾ ഘട്ടം ഘട്ടമായി നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ